**കേരളത്തിലെ മാങ്കോസിറ്റി എന്നറിയപ്പെടുന്ന പാലക്കാട് ജില്ലയിലെ മുതലമട മറ്റൊരു കാസർഗോഡായി മാറിക്കൊണ്ടിരിക്കുകയാണ്. മുതലമടയിലെ മാന്തോപ്പുകളിൽ വർഷങ്ങളായി നടക്കുന്ന വ്യാപകമായ എൻഡോസൾഫാൻ പ്രയോഗം മുതലമടയെ കാൻസർ ഗ്രാമമാക്കിമാറ്റിയിരിക്കുന്നു. എൻഡോസൾഫാന്റെ പ്രശ്നം കേരളത്തിൽ സജീവചർച്ചയായ സാഹചര്യത്തിൽ**

**ചിറ്റൂർ താലൂക്ക് എൻഡോസൾഫാൻ വിരുദ്ധസമിതി**

**നെന്മാറ മണ്ഡലത്തിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ സംഗമം സംഘടിപ്പിച്ചു. എന്നാൽ എൻഡോസൾഫാൻ പ്രശ്നത്തിൽ ഐക്യദാർഢ്യം പ്രഖ്യാപിച്ച രാഷ്ട്രീയപാർട്ടികളുടെ സ്ഥാനാർത്ഥികളൊന്നും സംഗമത്തിൽ പങ്കെടുക്കാനോ നിലപാട് പ്രഖ്യാപിക്കാനോ തയ്യാറായില്ല. സാമൂഹികപ്രശ്നങ്ങൾ തെരഞ്ഞെടുപ്പിൽ ചർച്ചചെയ്യാൻ രാഷ്ട്രീയപാർട്ടി കൾ താത്പര്യം കാണിക്കാത്തതിന്റെ തെളിവുകൂടിയായി ഈ സംഭവം.**

# മുതലമടയിലെ എൻഡോസൾഫാൻ ദുരിതമഴ

**ചിറ്റൂർ** താലൂക്ക് എൻഡോസൾഫാൻ വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ 2011 ഏപ്രിൽ മാസം 8-ാംതിയ്യതി വൈകുന്നേരം 3 മണിക്ക് കാമ്പ്രത്ത് ചള്ളയിൽ വെച്ച് നെന്മാറ നിയോജകമണ്ഡലത്തിൽ മൽസരിക്കുന്ന സ്ഥാനാർത്ഥികളുടെ സംഗമം 2011 സംഘടിപ്പിച്ചിരുന്നു. മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി, നെന്മാറ പഞ്ചാ യത്തുകളിൽ എൻഡോസൾഫാനടക്കമുള്ള  മാരകകീടനാശിനികൾ പ്രയോഗിച്ച തുമൂലമുള്ള കെടുതികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഇരകളും അവരുടെ നീറുന്ന പ്രശ്നങ്ങളും രാഷ്ട്രീയമായി ഉയർത്തിക്കൊണ്ട് വരുകയെന്നതായിരുന്നു പരിപാ ടിയുടെ ലക്ഷ്യം. ഓരോ സ്ഥാനാർത്ഥിക്കും 12 ചോദ്യങ്ങൾ അടങ്ങിയ ഒരു ചോദ്യാ വലി പരിപാടിക്ക് മുന്നോടിയായി നൽകിയിരുന്നു.

എന്നാൽ ഒരു സ്ഥാനാർത്ഥി പോലും പരിപാടിയിൽ പങ്കെടുക്കാൻ തയ്യാറാ യില്ല. യു.ഡി.എഫിന്റെ സ്ഥാനാർത്ഥി ഒഴികെയുള്ള ഒരാളും ചിറ്റൂർ താലൂക്ക് എൻഡോസൾഫാൻ വിരുദ്ധസമിതിയുടെ പ്രവർത്തകരെ ബന്ധപ്പെട്ട് പരിപാടി യിൽ പങ്കെടുക്കാൻ കഴിയാതിരുന്നതിന്റെ സാങ്കേതിക കാരണത്താൽ അറിയിക്കാ നുള്ള സാമാന്യ മര്യാദപോലും കാണിച്ചില്ല. സാമൂഹ്യപ്രശ്നങ്ങളില്ല, അധികാര രാഷ്ട്രീയത്തിൽ മാത്രമാണ് ഇവർക്ക് താൽപ്പര്യം എന്നതിന്റെ തെളിവാണ് ഈ സംഭവം.

**ചോദ്യാവലി**

1. നെന്മാറ നിയോജക മണ്ഡലത്തിൽ എൻഡോസൾഫാൻ ബാധിതരുണ്ടെന്ന് കരുതുന്നുണ്ടോ. ഉണ്ടെങ്കിൽ ഏകദേശം എത്രപേർക്ക് ബാധിച്ചുവെന്നാണ് കരു തുന്നത് ?

2. എൻഡോസൾഫാൻ ബാധിതരായ ഇരകളെ നേരിൽ കാണാൻ ശ്രമിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ എന്താണ് കാരണം ?

3. നിയോജക മണ്ഡലത്തിൽ, പ്രത്യേകിച്ച് മുതലമടയിലെ എൻഡോസൾഫാൻ ബാധിതരായ ഇരകൾക്ക് ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ ചെയ്തിട്ടുണ്ടോ? ഭാവിയിൽ ഇവർക്കുവേണ്ടി എന്തെങ്കിലും തരത്തിലുള്ള സഹായങ്ങളും പദ്ധതികളുമാണ് ചെയ്യാനുദ്ദേശിക്കുന്നത്.

4. എൻഡോസൾഫാൻ തെളിച്ചതുമൂലം മുതലമടയിലെ മനുഷ്യർക്കും, ജീവജാലങ്ങൾക്കും കാസർഗോഡ് ഉണ്ടായിട്ടുള്ളതുപോലെ തന്നെ 'ഭീകരമായ' തോതിൽ തന്നെ ബാധിച്ചിട്ടുണ്ടെന്ന് കരുതുന്നുണ്ടോ?

5. എൻഡോസൾഫാൻ ബാധിതർക്ക് പ്രഖ്യാപിച്ച 'കാസർഗോഡ് പാക്കേജ് ' മുതലമടക്കാർക്കും അനുവദിക്കണം എന്ന കാര്യത്തിൽ എന്താണഭിപ്രായം?

6. 'കാസർഗോഡ് പാക്കേജ്' പ്രഖ്യാപിക്കുകയും നടപ്പിലാക്കേണ്ടത് കേന്ദ്രമാണെന്ന് സംസ്ഥാന സർക്കാരും സംസ്ഥാന സർക്കാരാണെന്ന് കേന്ദ്രവും കൈയൊഴിയുന്നു? ഇക്കാര്യത്തിൽ താങ്കളുടെയും, താങ്കളുടെ രാഷ്ട്രീയപാർട്ടിയുടെയും നിലപാടെന്ത്?

7. സാഹചര്യങ്ങൾക്കൊണ്ട് താങ്കൾ പ്രതിനിധാനം ചെയ്യുന്ന പാർട്ടി എൻഡോസൾഫാൻ ഇരകൾക്കെതിതരെ നിലപാടെടുത്താൽ എങ്ങിനെ താങ്കൾ പ്രതികരിക്കും?

8. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന എൻഡോസൾഫാനടക്കമുള്ള മാരകകീടനാശിനികൾ മുതലമടയിലെ മാന്തോപ്പിൽ തെളിക്കുന്നത് തടയാൻ താങ്കളും, പാർട്ടിയും എന്തുനിലപാടെടുത്തു? ഇല്ലെങ്കിൽ ഭാവി പരിപാടികൾ എന്തൊക്കെ?

9. മുതലമടയിലെ എൻഡോസൾഫാൻ പ്രശ്നം വെറും മാധ്യമസൃഷ്ടി മാത്രമാണെന്ന ചിറ്റൂർ എം.എൽ.യുടെ അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്.?

10. ഇന്ത്യയിൽ എൻഡോസൾഫാൻ സമ്പൂർണ്ണമായി നിരോധിക്കുകയും ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്യണമെന്നുമുള്ള കാര്യത്തിൽ താങ്കളുടെ നിലപാടെന്ത്?

11. എൻഡോസൾഫാനടക്കമുള്ള മാരകകീടനാശിനികൾ മുതലമടയിലെ മാന്തോപ്പിൽ തെളിക്കുന്നത് നിരോധിക്കണമെന്ന ചിറ്റൂർ താലൂക്ക് എൻഡോസൾഫാൻ വിരുദ്ധ സമിതിയുടെ നിലപാടിൽ താങ്കളുടെ പ്രതികരണം ?

12. നെന്മാറ നിയോജക മണ്ഡലത്തിൽ നിന്നും താങ്കൾ ജയിച്ചുപോയാൽ മുതലമടയിലെ എൻഡോസൾഫാൻ ബാധിതരായവർക്ക് വേണ്ടി നിയമസഭയിൽ ഏതുതരത്തിൽ ഇടപെടും?

## എൻഡോസൾഫാൻ വിരുദ്ധ സമിതിയുടെ ആവശ്യങ്ങൾ

1. മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി, നെന്മാറ പഞ്ചായത്തുകളുടെ മാന്തോപ്പുകളിൽ പ്രയോഗിക്കുന്ന എൻഡോസൾഫാനടക്കമുള്ള മാരകരാസകീടനാശിനികളുടെ ഉപയോഗം പൂർണ്ണമായി നിരോധിക്കുക.

2. ദുരിതബാധിതർക്ക് പുനരധിവാസവും നഷ്ടപരിഹാരവും ഉടൻ നൽകുക.

3. മാന്തോപ്പുകളിൽ എൻഡോസൾഫാനടക്കമുള്ള മാരക രാസകീടനാശിനികൾ പ്രയോഗിക്കുന്ന കച്ചവടക്കാരടക്കമുള്ള കുറ്റക്കാർക്കെതിരെ ക്രിമിനൽ കേസെടുക്കുക.

4. മാങ്ങ അടക്കമുള്ള നാടൻ വിളകളെ സംരക്ഷിക്കുക.

## മുതലമടയിലെ എൻഡോസൾഫാൻ ദുരിതമഴ ഇങ്ങനെ

എൻഡോസൾഫാൻ മൂലം ഈ പ്രദേശത്ത് 46 പേർക്കാണ് രോഗം പിടിപെട്ടത്. 2010 ൽ സംസ്ഥാന ആരോഗ്യവകുപ്പ് നടത്തിയ സർവ്വേയിലാണ് ഞെട്ടിക്കുന്ന ഈ വിവരം പുറത്ത് വന്നത്. മുതലമടയിൽ 19 വാർഡിലും, കൊല്ലങ്കോട് 5 വാർഡുകളിലുമാണ് സർവ്വേ നടന്നത്. 9000 വീടുകളിലാണ് 40,000 പേരെ സർവേയ്ക്ക് വിധേയരാക്കി. കുട്ടികൾക്ക് വലിയ തോതിൽ രോഗം ബാധിച്ചതായി കണ്ടെത്തി.

തലയിൽനീര് നിറയുന്ന രോഗമുള്ള 5 കുട്ടികൾ, വികലാംഗർ 3 പേർ, അന്ധർ 3 പേർ, ഹൃദ്രോഗം 3 പേർ, വന്ധ്യത 3 പേർ, ബുദ്ധിമാന്ദ്യം 18 പേർ, ത്വക് രോഗം 9 പേർ എന്ന രീതിയിലാണ് കുട്ടികളിലെ രോഗത്തിന്റെ കണക്ക്. 2009ലാണ് ഈ സർവ്വേ എടുത്തത്. ആറ് വയസ്സിൽ താഴെയുള്ള കുട്ടികളെ സർവേയ്ക്ക് വിധേയരാക്കിയിട്ടില്ല. മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി, നെന്മാറ പഞ്ചായത്തുകളിൽ എൻഡോസൾഫാൻ പ്രയോഗിച്ചതുമൂലമുള്ള കെടുതികൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന ഇരകളുടെ എണ്ണം 300 ലധികം വരും. ഒരു വർഷത്തിനധികം 500 മുതൽ 1000 വരെ പേര് എൻഡോസൾഫാൻ ബാധിതരായി ഇപ്രദേശത്തുണ്ടാകും. ചുരുക്കത്തിൽ ഇവിടം ഒരു ശവപ്പറമ്പാക്കാൻ മാങ്ങാക്കച്ചവടക്കാർ നടത്തുന്ന ശ്രമങ്ങളെ ജനങ്ങൾ ചെറുത്തു തോൽപ്പിക്കേണ്ടതുണ്ട്.

## എന്തുകൊണ്ട് എം.എൽ.എയെ ബഹിഷ്ക്കരിക്കണം ?

1. മുതലമടയിലെ എൻഡോസൾഫാൻ പ്രശ്നത്തെക്കുറിച്ച് നിയമസഭയിൽ മിണ്ടിയില്ല.

2.നെന്മാറ നിയോജകമണ്ഡലത്തിലെ എൻഡോസൾഫാൻ ബാധിരായ ഇരകളെ നേരിൽ കാണുകയോ ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ ചെയ്യുകയോ ചെയ്തിട്ടില്ല. ഭാവിയിൽ ഇവർക്കുവേണ്ടി എന്തെല്ലാം സഹായങ്ങളും പദ്ധതികളുമാണ് ചെയ്യാനുദ്ദേശിക്കുന്നതെന്നും പ്രഖ്യാപിച്ചിട്ടില്ല.

4. എൻഡോസൾഫാൻ ബാധിർക്ക് പ്രഖ്യാപിച്ച'കാസർഗോഡ് പാക്കേജ്' മുതലമടക്കാർക്കും അനുവദിക്കണം എന്ന കാര്യം നിയമസഭയിൽ ഉന്നയിക്കാനുള്ള സാമാന്യമര്യാദ കാണിച്ചില്ല.

5. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന എൻഡോസൾഫാനടക്കമുള്ള മാരകകീടനാശിനികൾ മുതലമടയിലെ മാന്തോപ്പിൽ തെളിക്കുന്നതിനെതിരെ തൊഴിലാളികളെയോ, പൊതുജനങ്ങളെയോ മാങ്ങാകർഷകരെയോ കച്ചവടക്കരെയോ ബോധവൽക്കരിക്കാൻ എം.എൽ.എ എന്ന നിലയിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

6. മുതലമടയിലെ എൻഡോസൾഫാൻ പ്രശ്നം വെറും മാധ്യമസൃഷ്ടി മാത്രമാണെന്ന ചിറ്റൂർ എം.എൽ.എയുടെ പ്രസ്താവന വന്നപ്പോൾ സ്ഥലം എം.എൽ.എ എന്ന നിലയിൽ ഒരു മറു പ്രസ്താവന കൊടുക്കാൻ പോലും ശേഷിയില്ലാതെ നിർവികാരനായി.

7. എൻഡോസൾഫാൻ മുതലമടയിലെ മാന്തോപ്പിൽ തെളിക്കുന്നത് നിരോധിക്കണമെന്ന ചിറ്റൂർ താലൂക്ക് എൻഡോസൾഫാൻ വിരുദ്ധ സമിതിയുടെ നിലപാടിനോട് ഒരു തരത്തിലും സ്ഥലം എം.എൽ.എ എന്ന നിലയിൽ യോജിക്കുന്ന തരത്തിൽ നിലപാടെടുക്കുകയോ പ്രതികരിക്കുകയോ ചെയ്തിട്ടില്ല.

8. കഴിഞ്ഞ അഞ്ച് വർഷങ്ങളായി മുതലമടയിലെ എൻഡോസൾഫാൻ ബാധിതരായവർക്ക് വേണ്ടി നിയമസഭയിൽ ഇടപെടാൻ കഴിയാത്തതിന്റെ കാരണമോ, കുമ്പസാരമോ ഇതുവരെ നടത്താൻ കൂട്ടാക്കിയില്ല.